**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ലിന്റോ ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; കുട്ടികളുടെ പേരിൽ സ്ഥിരനിക്ഷേപമായി പണം നൽകുന്നതിന് പുറമേ പ്രതിമാസ ധനസഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ഥിര നിക്ഷേപമായി കുട്ടിയുടെ പേരിൽ 3 ലക്ഷം രൂപ നല്കുന്നതിന് പുറമേ പ്രതിമാസ ധനസഹായമെന്ന നിലയിൽ 2000/-രൂപ വീതം കുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുന്നത് വരെ കുട്ടിയുടെയും കുട്ടിയുടെ നിലവിലെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പുറമേ ഇത്തരം കുട്ടികളുടെ പഠനചെലവ് വഹിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (ബി) | സർക്കാർ സഹായത്തിന് അർഹരായ കുട്ടികളുടെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചെലവ് കുട്ടികളുടെ അപേക്ഷയിന്മേൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതതു സമയങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വനിത ശിശു വികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ